പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 437

10.06.2014- ലെ മറുപടിക്ക്

പലിശരഹിത കാർഷികവായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>,, അൻവർ സാദത്ത്<br>,, ആർ.സെൽവരാജ്<br>,, പി.സി.വിഷ്ണുനാഥ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) ചെറുകിട/നാമമാത്ര കർഷകർ നെൽകൃഷിയ്ക്കായും കാർഷികവൃത്തിയ്ക്കായും പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് എടുക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്ന പക്ഷം സംസ്ഥാന സർക്കാരിന്റെയും നബാർഡിന്റെയും പലിശ സബ്സിഡി /സബ് വെൻഷൻ നൽകിടി കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിതമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത് ; | സി) 7% പലിശയ്ക്ക് സഹകരണ ബാങ്കുകൾ /സംഘങ്ങൾ മുഖേന നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ യഥാസമയം തിരികെ അടയ്ക്കുന്ന പക്ഷം നബാർഡ് മുഖേന കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ യിളവ് വായ്പകൾക്ക് നൽകുകയും പലിശ യിനത്തിൽ ബാക്കി പരമാവധി 5%- ൽ അധികരിക്കാതെ പലിശയിളവ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഉത്തേജന പലിശയിളവ് പദ്ധതിയിൽ (Stimulus interest package) ഉൾപ്പെടുത്തി നൽകി വരുന്നു. ഇതിനുപുറമെ നെൽകൃഷിക്കായി നൽകുന്ന വായ്പയുടെ 7% പലിശയും പൂർണ്ണമായും |

| | |
|---|---|
| ഘ) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | ഘ) ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ /സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേനേയും, നെൽ കർഷകർക്കായുള്ള പലിശ രഹിത വായ്പ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേനയും നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**